(സി) എങ്കിൽ ഈ സംഭവം സംബന്ധിച്ച് പോലീസ് ഏതെങ്കിലും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ കേസിലെ പ്രതികളുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ഇ) ഇതിനകം പ്രതികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഇത് സംബന്ധിച്ച് നിയമ സഹായ വേദി ചെയർമാൻ അഡ്വക്കേറ്റ് സ്റ്റീഫൻ റൊസാരിയോ ബഹു. തിരുവനന്തപുരം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കിയ അന്യായം സി.എം.പി. നം. 2203/04 ആയി ഫയലിൽ സ്വീകരിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിലേക്കായി വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ അയച്ചു കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ക്രൈം. നം. 132/04. യു/എസ്/120. ബി, 465, 471 ആന്റ് 34. ഐ.പി.സി. പ്രകാരം 31-5-2004-ന് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഡി) കേസ് അന്വേഷണം നടത്തിവരുന്നു. പ്രതികളെപ്പറ്റി അറിവായിട്ടില്ല.

(ഇ) ഉത്തരം 'ഡി'-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പോലീസ് സേനയിലെ ആധുനികവൽക്കരണ നടപടി

171 [840] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് ഇനി സ്വീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി ആകെ എന്ത് ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനായി കേന്ദ്ര സഹായ പദ്ധതികളായ മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് സ്കീം, പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡ് എന്നിവയിലൂടെ പുതിയ വാഹനങ്ങളും, ആധുനിക ഉപകരണങ്ങളും വാങ്ങിയും, പുതിയ കെട്ടിടങ്ങൾ പണികഴിപ്പിച്ചും, കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയ കമ്മ്യൂണിക്കേഷൻ സംവിധാനം മെച്ചപ്പെടുത്തിയും വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാന പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതിനായി മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് പദ്ധതി പ്രകാരം 206.50 കോടി രൂപയും, പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 2237.258 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) തുടങ്ങിവച്ച നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

(ഡി) 2004-05 വർഷത്തെ മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് പദ്ധതിക്ക് ഡി. ജി. പി. സമർപ്പിച്ച 63 കോടി രൂപയുടെ ആക്ഷൻ പ്ലാൻ പരിശോധിച്ചുവരുന്നു. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 34870.84 ലക്ഷം രൂപയുടെ പദ്ധതിയാണ് അടുത്ത അഞ്ച് വർഷത്തേക്ക് പ്രതീക്ഷിക്കുന്നത്.

മയക്കുമരുന്നു കടത്ത് സംബന്ധിച്ച കേസുകൾ

172 [846] ശ്രീ. വി. ഡി. സതീശൻ:

" അടൂർ പ്രകാശ്:

" എ. പി. അനിൽകുമാർ:

" ഇ. എം. അഗസ്തി:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നു കടത്തുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നത് സംബന്ധിച്ച് നിലവിൽ എത്ര കേസുകൾ കോടതിയുടെ പരിഗണനയിലുണ്ട്;

(ബി) എത്രയെണ്ണം വിസ്താരത്തിലുണ്ട്; ഇവ ഫയൽ ചെയ്തിട്ട് എത്ര കാലം കഴിഞ്ഞു എന്നു വ്യക്തമാക്കുമോ;

(സി) ഈ കേസുകളുടെ അന്വേഷണം പൂർത്തിയാക്കുവാൻ എന്തു തടസ്സമാണുള്ളത് എന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly